HYDEL BULLET

Issue - 10, Vol - 8, October 2020

A Monthly Publication of the Kerala State Electricity Board Engineers'Association

# HEIGHT OF INDECISIVENESS

The recent event related to the hearing conducted by Electrical Inspectorate with regard to a fatal accident has again brought the issue of licensing of petty contractors into limelight. The Assistant Engineer of the Electrical Section, where the fatal accident occurred has been made the first culprit since she/he has not issued Work Order to a licensed petty contractor as per the regulations of the Central Electricity Authority.

We have regulation 3 of CENTRAL ELECTRICITY AUTHORITY REGULATIONS, 2010; which specifies that *a supplier or a consumer, or the owner or a contractor who has entered into a contract with a supplier or a consumer shall designate persons for the purpose to operate and carry out the work on electrical lines and apparatus. No person shall be designated under, unless he possesses a certificate of competency or electrical work permit, issued by the Appropriate Government.*

Again regulation 29 of the CENTRAL ELECTRICITY AUTHORITY (MEASURES RELATING TO SAFETY AND ELECTRIC SUPPLY) REGULATIONS, 2010 clearly speaks about the precautions to be adopted by consumers, owners, occupiers, electrical contractors, electrical workmen and suppliers with respect to usage of electricity.

*Cont...page 4*


Kseb Engineers' Association
26th Webinar
Project Management
ER. K G POTTY
AEE, KSEBL
4th, Oct 2020
7:30PM- 8:30PM
EXECUTE
VALIDATE
PLAN
PROJECT MANAGEMENT
KSEBEA


27 th Webinar
KSEBEA
Kseb Engineers' Association
Dynamic balancing of Generator
Er. Radhakrishnan
AEE, PET, Moolamattom
OCTOBER 11, 2020
7:30PM - 8:30PM
www.ksebea/forum
cisco


KSEB ENGINEERS' ASSOCIATION
PANEL DISCUSSION
On
Earthing Practices
in
DISTRIBUTION &TRANSMISSION
PANELIST :
Er. CP George
PANELIST :
Er.George V James
October, 18
3pm Onwards
28th
WEBINAR


29 TH
WEBINAR
Snapping : Issues & Solutions
for LT network
Dr. M. Krishnakumar
AssistantEngineer
KSEB
1 st
November
7.30pm
cisco
webex
visit www. ksebea. in

**KSEB Engineers' Association**
**Office Bearers 2019 - 21**

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. G. Shaj Kumar (S)
Er. P. Jayakrishnan (N)

**General Secretary**
Er. Sunil K.

**Treasurer**
Er. Santhosh E.

**Organising Secretaries**
Er. Nishanth B. (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G. (S)
Er. Nagaraj Bhat K. (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K.

**Vice Chairman**
Er. Resmi P.S.

**Secretary**
Er. Haridas Vijayan

**Treasurer**
Er. Pradeep S.V.

**Joint Secretaries**
Er. Naveen T.R. (South)
Er. Pramod Kumar M. (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar P.K.
Er. Induchoodan D.R.
Er. Anoop Vijayan
Er. Priyanka P.S.

**Ex. Officio Members**
Er. Sunil K.
Er. Santhosh E.

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Vol - 8 Issue - 10 October 2020

## Contents

- Editorial
- മഹാമാരി (കവിത) — *Er. അബ്ദുൾകലാം*
- വൈദ്യുതി അപകടങ്ങളിൽ സൃഷ്ടിയും സംഹാരവും അരുത് ... — *Er. എൻ.ടി.ജോബ്*
- ഞാനും എന്റെ പ്രമോഷൻ സ്വപ്നങ്ങളും — *Er. ഹരികുമാർ എ.ബി.*
- Promotion & Increments - KSEBL need a timely gear shift — *Er. K.G. Potty*
- വാട്ട്സ് ഓൺ യുവർ മൈൻഡ് ? (കഥ) — *Er. അനീഷ് ഫ്രാൻസിസ്*
- RIF® Bushings — *Er. Dony C.S.*
- വിലയ്ക്കുവാങ്ങുന്ന വിപത്തുകൾ - 6 പൊട്ടുന്ന കമ്പികളും പൊലിയുന്ന ജീവിതങ്ങളും — *Er. ഇ.എം. നസീർ*
- ചിരി (സുഭാഷിതം) — *Er. കെ. ശശിധരൻ*
- ഓർമ്മയിലെന്നെന്നും (ഓർമ്മക്കുറിപ്പ്) — *Er. സി. വിജയകുമാർ*
- Prejudices and Preconceived notions — *Er. Thomas Kolanjikombil*
- Letters by Association

The regulation says that No electrical installation work, including additions, alterations, repairs and adjustments to existing installations, except such replacement of lamps; fans, fuses, switches, domestic appliances of voltage not exceeding 250V and fittings as in no way alters its capacity or character, shall be carried out upon the premises of or on behalf of any consumer, supplier, owner or occupier for the purpose of supply to such consumer, supplier, owner or occupier except by an electrical contractor licensed in this behalf by the State Government and under the direct supervision of a person holding a certificate of competency and by a person holding a permit issued or recognised by the State Government. Provided that in the case of works executed for or on behalf of the Central Government and in the case of installations in mines, oil fields and railways, the Central Government and in other cases the State Government, may, by notification in the Official Gazette, exempt on such conditions as it may impose, any such work described therein either generally or in the case of any specified class of consumers, suppliers, owners or occupiers. No electrical installation work which has been carried out in contravention of these regulations shall either be energised or connected to the works of any supplier.

The regulation clearly mentions that it is the agency of the State Government which needs to give permission for carrying out the works. In our state, the government has made Kerala State Electricity Licensing Board under Department of Electrical Inspectorate as the responsible agency for issuing contract license for work. The Main Functions of Kerala State Electricity Licensing Board are well defined includes grant Licence to Electrical Contractors.

The relevant CEA safety regulations came into force from 2010, and KSEBL has been mandated to implement these regulations. But the attitude of the KSEBL management to enforce these regulations were not positive and hrequested extension for implementation citing some excuses. After several extensions, the state government directed KSEBL to enforce these provisions strictly on its installations and did not extend the exceptions beyond March 31, 2017. Accordingly, KSEBL issued a blanket Board Order on March 2017 mandating that the work orders shall be issued only to the licensed electrical contractors. But three years have elapsed now and still work orders at section offices and PMU offices are being issued to petty contractors who do not have any kind of licenses to work on electrical installations.

Actually, the blanket Board Order for enforcing the requirement of license for electrical work, without addressing any of the real issues in availing the contract licences for electrical work, was just a document for passing the responsibility to field engineers and created a situation in the field with respect to the execution of

work. The financial and competency issues in engaging the supervisors with appropriate competency certificate during execution of works as per regulation 3 of CEA safety for availing the license is notaddressed in the KSERC approved estimate rates nor issued a direction accordingly. As such, the mechanism of execution continued in the same mode and no existing contractor taken any interest or initiative to avail the electrical work license due the extra financial implications and other complications. Each section office has one or two petty contractors who engage in the daily routine activities of the section namely maintenance works, deposit works, vehicle dashing works and the service connection line works. They are a small team with a vehicle comprising of five or six workers. The main income earning of these petty workers is the bill amount given by KSEBL. Hence a sudden enforcement of these regulations might hamper their sole bread winning activity. But KSEBL had got ample opportunity to convert them into licensed contractors from 2010 to 2017. But instead of framing a system for converting these petty contractors into licensed contractors, KSEBL had each time sought extension from the government under the pressure imposed by trade unions. In the end, learning that no further extension will be obtained, Board released a unilateral Board Order without addressing any of the real issues in its enforcement and passed the buck and risk to the field engineers who have authorised majority of the work execution by violating the regulation. The top management of KSEBL are playing safe at the cost of the field engineers & field staff and leaving them at the mercy of Police and regulatory authorities during every eventualities that have happened in a plant or in the site during a work. Regulatory agencies have started questioning the Assistant Engineers of Electrical Section offices about the violation of the Board Order and personal cases being registered against Assistant Engineers by the Police under IPC. Three years have elapsed since April 2017 and the engineers issuing work orders to non-licensed contractors are now vulnerable against prosecution.

Instead of addressing the real issues, including financial issues and HR competency issues, in implementing the relevant provisions of the safety regulations by devising appropriate systems, it is observed that the actions of the top management was to pass the buck to the field engineers and are highly deplorable.It is strange that personal cases are being booked against the field engineers and the field staff for the accidents that happens during the execution of entrusted responsibilities in their capacity as an employee of KSEBL. It is to be noted that they are working under the safety environment and systems provided by the organisation and the organisation is responsible for their competency level also. They are supposedto be entrusted with a specific job or responsibility based on the competency

and condition of health only. The top management is directly responsible for any dilution of these factors unless managers and field engineers have the option to evaluate and reject. Under such circumstances, how the individual or the supervisor or the staff alone can be made personally responsible for the accidents that happens during a work done by him in the capacity as an employee? As per the law, in addition to the relevant employee, the Owner of the Company represented by Company Secretary or

CMD or any of the Directors also need to be an accused in the accident cases. And we request that same need to be made applicable in KSEBL at the earliest to ensure the seriousness in handling safety matters.

We may point out that compliance of relevant safety provisions in CEA safety regulation is particularly important in improving the safety environment in KSEBL networks and plants. Hence appropriate actions need to be taken immediately to devise appropriate mechanism to enforce the same and appropriate instructions may be issued to engineers to act accordingly to implement the relevant regulations and the Board Order fully in its letter and spirit.

കവിത

# " മഹാമാരി"



**അബ്ദുൾകലാം**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ*

**ഈ** നൂറ്റാണ്ടിൻ മഹാമാരി
ചൈനയിൽ തുടങ്ങി
കരകൾ താണ്ടിയും
ആഴിയും ആകാശവും കടന്നും
ആഗോളവൽക്കരണമെന്ന പോൽ
ലോകമാകെ നാശം വിതച്ച്
അതിലേറെ മരണങ്ങളും
നാളെയെകുറിച്ച് അവ്യക്തതയും
അതിശയം അതിവേഗം പടരുന്നു.
അപ്രതീക്ഷിതം ഈ മഹാമാരി
ആരും പ്രതീക്ഷിച്ചില്ല
ഒട്ടും നിനച്ചില്ലിതുപോലെ.
ആളില്ല ആൾക്കൂട്ടമില്ല
സ്കൂളില്ല സമരമില്ല
കളിയില്ല മത്സരമില്ല
സിനിമയില്ല ഷൂട്ടിങ്ങുമില്ല
വിവാഹമില്ല ആർഭാടമില്ല
ക്ലബ്ബില്ല പാർട്ടിയില്ല
അടച്ചു ദേവാലയങ്ങൾ
നിർത്തി കൂട്ട പ്രാർത്ഥനകൾ
ഒഴിവാക്കി ഉത്സവങ്ങളും
അമ്പരന്നപോൽ മതങ്ങളും
അകലം പാലിച്ചും
സൗഹൃദങ്ങൾ ഒഴിവാക്കിയും
വായും മൂക്കും മൂടി മനുഷ്യർ
കൈകളും കഴുകുന്നു
അതിർവരമ്പുകൾ കടന്ന
മനുഷ്യന്റെ പ്രവർത്തികൾക്ക്
ദൈവം നൽകിയ ശിക്ഷയാകാം
ഈ നൂറ്റാണ്ടിൻ മഹാമാരി.

## തീജ്വാല

# വൈദ്യുതി അപകടങ്ങളിൽ സൃഷ്ടിയും സംഹാരവും അരുത്...




**Er. എൻ.ടി. ജോബ്**
*പ്രസിഡന്റ്, KSEBEA*

**വൈ**ദ്യുതി അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി ആത്മാർത്ഥമായ നടപടികളൊന്നുംതന്നെ ബോർഡ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുന്നില്ലെന്നതാണ് സത്യം. കൊട്ടിഘോഷിച്ചുകൊണ്ട് കുറേ കാട്ടിക്കൂട്ടലുകളല്ലാതെ, യഥാർത്ഥത്തിൽ അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്ന നടപടികൾക്കുപകരം അപകടങ്ങൾ വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിലുള്ള കാര്യങ്ങളാണ് ബോർഡിന്റെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

എവിടെയെങ്കിലും വൈദ്യുതി ശൃംഖലയിൽ നിന്നും വൈദ്യുതി ആഘാതത്തിനിടയായി മരണം സംഭവിച്ചാൽ ബലിയാടുകളെ സൃഷ്ടിക്കുന്ന പണി മാത്രമാണ് ബോർഡ് ചെയ്യുന്നത്. അപകട വാർത്തയിൽ നിന്നും തടിയൂരുന്നതിനായി സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെയടക്കം ബലിയാടാക്കി സസ്പെന്റ് ചെയ്യും. ഇതിനെ തുടർന്നുള്ള അന്വേഷണത്തിന്റെ പേരും പറഞ്ഞ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാർ കുറ്റപത്രവും നൽകും, അവരുടെ ജീവിതം പിന്നെ ദുരിതത്തിലാകും. ക്രിമിനൽ കേസിൽ പ്രതിചേർക്കപ്പെടുന്നതോടുകൂടി സ്വയം കേസ് വാദിക്കുകയും കോടതി ചെലവ് സ്വയം വഹിക്കുകയും ചെയ്യേണ്ടി വരുന്നു. ഇത് സംഹാരത്തിനു തുല്യമാണ്. വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസിൽ ജോലി ചെയ്തുപോയി എന്ന ഒറ്റ അപരാധം മാത്രമാണ് അവർ ചെയ്തത്. അവർക്കു ലഭിക്കുന്ന ശിക്ഷ വളരെ പ്രയാസമേറിയതുമാകുന്നു എന്നതാണ് ഇന്നത്തെ അവസ്ഥ.

കമ്പി പൊട്ടിവീണ് അപകടമുണ്ടായാലും ലൈനിൽ നിന്നും ഷോക്കടിച്ചാലും പോസ്റ്റ് ഒടിഞ്ഞുവീണുണ്ടാകുന്ന അപകടങ്ങൾക്കുമെല്ലാം ഒന്നാം പ്രതിയാക്കുന്നത് സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെയാണ്. വൈദ്യുതി ശൃംഖലയുടെ കസ്റ്റോഡിയൻ എന്ന പേരിലാണ് ഇത്തരത്തിലുള്ള നടപടിയുണ്ടാകുന്നത്. എന്നാൽ ഈ അപകടകരമായ ശൃംഖലയുടെ ഉടമയുടെ പേരിൽ കേസൊന്നും ചാർജ് ചെയ്യുന്നില്ല എന്നതാണ്

വിരോധാഭാസം. ബില്ലുകളെക്കുറിച്ചുള്ള കേസുകളാണെങ്കിൽ ബോർഡ് സെക്രട്ടറിയെ പ്രതിചേർക്കുമ്പോൾ അപകടങ്ങളുടെ കാര്യത്തിൽമാത്രം അങ്ങനെയല്ല. അതുകൊണ്ട് പ്രതിചേർക്കപ്പെടുന്നവർക്ക് ബോർഡിന്റെ നിയമ സഹായം ലഭ്യമല്ലാതാകുന്നുവെന്നതാണ് വാസ്തവം.

ഈയിടെ പുതിയ സംഭവ വികാസം കൂടി ഉണ്ടായിട്ടുണ്ട്. ലൈസൻസ് ഇല്ലാത്ത കരാറുകാർക്ക് വർക്ക് ഓർഡർ കൊടുത്തതിന്റെ പേരിലും അസിസ്റ്റന്റ് എഞ്ചിനീയർമാരെ പ്രതിചേർക്കുന്ന പ്രവണത കൂടി വരികയാണ്. ലൈസൻസില്ലാത്ത കരാറുകാരാണ് ഭൂരിപക്ഷം സെക്ഷൻ ഓഫീസിനു കീഴിലും പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നത്. ലൈസൻസില്ലാത്ത കരാറുകാർക്ക് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള അനുവാദം 2017 മാർച്ചിൽ അവസാനിച്ചുവെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഈ അനുവാദം പിന്നീട് നീട്ടികിട്ടുന്നതിനുവേണ്ടി ബോർഡ് അധികാരികൾ ശ്രമിച്ചുവെങ്കിലും ലഭ്യമായിട്ടില്ല. ഈ പശ്ചാത്തതലത്തിൽ ലൈസൻസില്ലാത്ത കരാറുകാരെ ക്വട്ടേഷൻ/ടെൻഡർ നടപടികളിൽ നിന്നും ഒഴിവാക്കി നിറുത്തുന്നതുമാത്രമാണ് പ്രായോഗികം. ഇത് അറ്റകുറ്റപണികളെയും പ്രവൃത്തികളെയും ബാധിക്കുമെങ്കിലും അത്തരം ഒരു നിലപാടിലേക്കുപോകാതിരിക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ് സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ. സെക്ഷൻ ഓഫീസിലെ ജീവനക്കാരെ വളരെ മോശമായ രീതിയിലാണ് ബോർഡ് കാണുന്നത്; ഇത് തികച്ചും തെറ്റായ സമീപനമാണ്. വൈദ്യുതി ബോർഡ് വൈദ്യുതി കൈകാര്യം ചെയ്യുന്ന കമ്പനിയാണെങ്കിലും, അതിന്റെ ഉത്തരവാദിത്തത്തിൽ വരാത്ത കാര്യങ്ങൾ കൂടി സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ തലയിലിട്ടുകൊണ്ട്, അവരെയെല്ലാം കഠിനമായി പീഡിപ്പിക്കുകയാണ്.

കേരള സർക്കാർ സൗരോർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അനെർട്ട് എന്ന സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നുണ്ട്. അങ്ങനെയൊരു സ്ഥാപനം നിലവിലുള്ളപ്പോൾ തന്നെ വീടുകളുടെ മുകളിലെ സോളാർ പദ്ധതികൾ ബോർഡ് ഏറ്റെടുത്തു നടത്തുന്നത് എന്തിനുവേണ്ടിയാണ്. ഇനി മുതൽ അതിനുള്ള മെയിന്റനൻസും സെക്ഷൻ ഓഫീസിലെ ജീവനക്കാർ തന്നെ ചെയ്യേണ്ട ഗതികേടിലാണ് ഇപ്പോഴുള്ളത്. ഈ പ്രവർത്തനങ്ങൾ അതിന്റെ നോഡൽ ഏജൻസിയായ അനെർട്ടിനെ ഏൽപിച്ചാൽ എന്താണ് തകരാറ്. ഇതിന്റെ പേരിൽ ചിലർക്ക് പ്രശസ്തിയും മറ്റു ചിലർക്ക് മറ്റെന്തെങ്കിലും ലഭിക്കുകയുമായിരിക്കും, അതിനുവേണ്ടി ജീവനക്കാരെ ബലിയാടാക്കുന്നത് എന്തിനുവേണ്ടിയാണ്. അതുപോലെ തന്നെയാണ് കെ-ഫോണിനു വേണ്ടി ജീവനക്കാരെ നിയോഗിക്കുന്നത്. ഇന്നത്തെ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വൈദ്യുതി മന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് തെരുവ് വിളക്കുകളെല്ലാം പഞ്ചായത്തുകളെയും കോർപ്പറേഷനെയും മുനിസിപ്പാലിറ്റികളെയും

ഏൽപിച്ചത്. അതിനെ തുടർന്ന് പിന്നീടുണ്ടായ മോഡൽ സെക്ഷൻ പരിഷ്കരണത്തിന്റെ ഭാഗമായി സെക്ഷൻ ഓഫീസിലെ ലൈൻമാൻമാരുടെ എണ്ണം കുറയ്ക്കുകയും ചെയ്തു. ഈ അവസ്ഥയിലാണ് വീണ്ടും തെരുവ് വിളക്കുകളുടെ ഉത്തരവാദിത്തം സെക്ഷൻ ഓഫീസിന്റെ തലയിലേക്കു വരുന്നത്. എൽ.ഇ.ഡി. ബൾബാക്കി മാറ്റുന്നതിന്റെ ഭാഗമായാണ് ഇതെന്നു പറയുന്നുണ്ടെങ്കിലും ഇത് സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ തലയിൽ ഇടിത്തീയായി മാറാൻ അധികസമയം വേണ്ടിവരില്ല.

കേരളത്തിലെ ഊർജ സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി എനർജി മാനേജ്മെന്റ് സെന്റർ എന്ന സ്ഥാപനം സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. പിന്നെ എന്തിനാണ് അത്തരം പ്രവർത്തനങ്ങൾ സെക്ഷൻ ഓഫീസിന്റെ വച്ചുകൊടുക്കുന്നത്.

തെരുവു വിളക്കുകളുടെ പരിപാലനം ത്രിതല പഞ്ചായത്തുകളി ലേക്കു മാറിയപ്പോൾ, സെക്ഷൻ ഓഫീസി ലെ പരാതികളുടെ പ്രവാഹം കുറെയധികം കുറഞ്ഞതായിരുന്നു. ഇനി വാർഡ് മെമ്പർമാരുടെയും കൗൺസിലർമാരുടെയും പരിഭവങ്ങൾക്ക് സെക്ഷൻ ഓഫീസിലെ ജീവനക്കാർ വിധേയരാകേണ്ടിവരും. പോസ്റ്റിനു പോസ്റ്റിനു തെരുവുവിളക്കുകൾ ഉള്ളതുകൊണ്ട് പരാതികളും വളരെയേറെ വരികയും ചെയ്യും.

മോഡൽ സെക്ഷന്റെ വരവോടുകൂടി താറുമാറായ മെയിന്റനൻസ് ജോലികളുടെ പരിണിതഫലമാണ് കൂടുതൽ കൂടുതൽ കമ്പികൾ പൊട്ടിവീഴുന്നതിന് ഒരു കാരണം. മോഡൽ സെക്ഷനുകളുടെ രൂപീകരണത്തിനുശേഷം മെയിന്റനൻസ് ജോലികൾ കൃത്യമായി നടക്കുന്നില്ലെന്നത് എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്. ഇപ്പോൾ സുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരം ഒരു മാസം കൊണ്ട് കേരളം മുഴുവൻ ടച്ചിംഗ്സ് ഒഴിവാക്കിയെടുക്കുവാൻ ഓടിപ്പാഞ്ഞു നടക്കുന്നുണ്ട് സെക്ഷൻ ഓഫീസിലെ ജീവനക്കാർ നടക്കുന്നത്രയും നടക്കട്ടെ, അത്രയും നല്ലത് തന്നെ.

നമ്മുടെ വൈദ്യുതിശൃംഖല നിർമ്മാണ പ്രവർത്തനങ്ങളിൽ പാലിക്കേണ്ട നിബന്ധനകളൊന്നും പാലിക്കാതെയാണ് വലിച്ചു നീട്ടുന്നത്. പുതിയതായി വലിക്കുന്ന ലൈനുകൾക്കെങ്കിലും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ വേണ്ടതായ സാധന സാമഗ്രികൾ വാങ്ങി നൽകേണ്ട ബാധ്യത ബോർഡ് ഏറ്റെടുക്കേണ്ടത് അനിവാര്യമാണ്.

മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളം മൊത്തത്തിൽ ഒരു നഗരമാണ്. ആ നിലയ്ക്കുതന്നെ വൈദ്യുതി ശൃംഖലകൾ അപകടരഹിതമായി നിലനിറുത്തേണ്ട ബാധ്യതയും നമുക്കുണ്ട്. ചില നഗരങ്ങൾ കേന്ദ്രീകരിച്ച് കേബിളുകൾ സ്ഥാപിക്കുന്നുണ്ടെങ്കിലും അത് വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഘട്ടം ഘട്ടമായി നമ്മുടെ ഓവർ ഹെഡ് ലൈനുകൾ ഇൻസുലേറ്റഡ് ലൈനുകളായി മാറ്റിയെടുക്കേണ്ടതാണ് ജനങ്ങൾക്കു നല്കാവുന്ന അപകട രഹിതമായ വൈദ്യുതി ശൃംഖലയുടെ ആദ്യ കാൽവെയ്പ്പ്.

മോഡൽ സെക്ഷന്റെ വരവോടുകൂടി സെന്റർ സംവിധാനം ഇല്ലാതാവുകയും ഗ്യാങ്ങുകളാവുകയും ചെയ്തു. ഇതോടു കൂടി വിതരണ മേഖലയിൽ ലൈനുകളും ട്രാൻസ്ഫോർമറുകളും പരിപാലിക്കുന്നവർ ഇല്ലാതാവുകയും ഒരു സെക്ഷൻ ആഫീസിന്റെ കീഴിൽ വരുന്ന ശരാശരി നൂറോളം ട്രാൻസ്ഫോർമറുകളുടെയും നൂറുകിലോമീറ്റർ എച്ച്. ടി. ലൈനിന്റേയും നാനൂറു കിലോമീറ്റർ ലോ ടെൻഷൻ ലൈനിന്റെയും ഒരേയൊരു കസ്റ്റോഡിയൻ ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമായി. അതുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രാർത്ഥന യിലാണ്. “കാറ്റേ നീ വീശരുതിപ്പോൾ, മഴയെ നീ പെയ്യരുതിപ്പോൾ'. എങ്ങാനും കമ്പിപൊട്ടിയാൽ മുൻകൂർ ജാമ്യത്തിനു ഓടേണ്ടിവരും. ഉറക്കത്തിൽ ഫോണിന്റെ ബെല്ലടിക്കുമ്പോൾ ഞെട്ടലോടുകൂടിയാണ് ഉണരുന്നത്, ഒപ്പം പ്രാർത്ഥനയും; ആർക്കും അപകടം സംഭവിച്ചിട്ടുണ്ടാവരുതേ എന്ന്.

കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേഷൻ കൃത്യമായ മാനദണ്ഡങ്ങൾ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ഇറക്കിയിട്ടുണ്ടെങ്കിലും അതൊന്നും നമുക്കു ബാധകമല്ലെന്ന രീതിയിലാണ് കെ.എസ്.ഇ.ബി.യിലെ കാര്യങ്ങളുടെ ഗതി.

സംസ്ഥാനത്തൊട്ടാകെയുള്ള വൈദ്യുതി ലൈനുകൾ ഏത് നിമിഷവും അപകടങ്ങൾ സൃഷ്ടിക്കാം എന്ന രീതിയിലാണ് നിൽക്കുന്നത്. ഇതൊക്കെ ആലോചിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയർ മാർക്ക് ഒരു അന്തവുമുണ്ടാവില്ല. ആലോചി ച്ചില്ലെങ്കിൽ അത്രയും ദിവസം സമാധാന വുമുണ്ടാവും. അമ്പതും അറുപതും വർഷം വരെ പഴക്കമുള്ള ലൈനുകളും ശൃംഖല കളും ആണ് സെക്ഷൻ ഓഫീസിലെ ജീവനക്കാർ പരിപാലിക്കുന്നത്. അത്തരം പഴക്കമുള്ള ലൈനുകളിൽ നിന്നും അപകടമുണ്ടാകുമ്പോൾ അതിനു സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരെ പ്രതി ചേർക്കുന്ന നടപടി ഒരിക്കലും അംഗീകരിക്കുവാൻ സാധിക്കുന്നതല്ല. കേന്ദ്ര റെഗുലേറ്ററി കമ്മീഷന്റെ മാനദണ്ഡങ്ങൾ നോക്കിയാൽ 66 കെ.വി. യ്ക്കു മുകളിലുള്ള ലൈനുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർമാർ മേൽനോട്ടം നിർബന്ധമായും വഹിക്കണമെന്ന് നിബന്ധനയുള്ളത്. അങ്ങനെയുള്ളപ്പോൾ ലോടെൻഷൻ ലൈനുകളിൽ നിന്നുമുണ്ടാകുന്ന അപകടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരെ പ്രതിചേർക്കപ്പെടുന്നതായാണ് കാണുന്നത്. ജനരോഷത്തിൽ നിന്നും രക്ഷനേടുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർമാരെ പ്രതികളായി സൃഷ്ടിക്കുകയും അവരുടെ ജീവിതം ക്രിമിനൽ കേസിന്റെ പിന്നാലെ ഹോമിക്കപ്പെടേണ്ടി വരുന്നതും ശരിക്കും സംഹരിക്കുന്നതിനു തുല്യമാണ്. കേസ് വാദം നടക്കുന്ന സമയങ്ങളിൽ കോടതികളിൽ ഹാജരാകുവാൻ സാധിക്കാതെ വരികയോ വിട്ടുപോവുകയോ ചെയ്താൽ എക്സ് പാർട്ടിയായി കോടതിവിധി വരികയും ശിക്ഷവിധിക്കുകയും ചെയ്തെന്നും വരാം. ബോർഡിന്റെ സ്വത്തായ ലൈനുകളുടെ താൽക്കാലിക ചുമതലക്കാരൻ മാത്രമായി എത്തുന്ന

അസിസ്റ്റന്റ് എഞ്ചിനീയർമാർ ജീവിത കാലം മുഴുവൻ അഥവാ കേസ് തീരുന്നതു വരെയും ജാഗരൂകരായി ഇരിക്കേണ്ട അവസ്ഥയാണ് നേരിടേണ്ടി വരുന്നത്. കാല പ്പഴക്കം കൊണ്ടും വ്യവസ്ഥിതികൊണ്ടു മുണ്ടാകുന്ന അപകടങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ പ്രതിചേർക്കുന്നത് അവസാനിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ജീവനക്കാരെ വളരെയധികം കുറച്ചതിനുശേഷം ബാക്കിയുള്ളവരെ ബോർഡിന്റെ ബിസിനസ്സുമായി ബന്ധപ്പെടാത്ത കാര്യങ്ങൾക്കു നിയോഗി ക്കുകയും ചെയ്യുന്നവരെയാണ് ഇത്തരം സംഭവങ്ങളിൽ പ്രതി ചേർക്കേ ണ്ടത്. ഫീൽഡു ജീവനക്കാരെ പലവിധ കാര്യങ്ങൾക്കായി ഓടിച്ചിട്ട് സെക്ഷൻ ആഫീസിന്റെ കീഴിൽ വൈദ്യുതി ശൃംഖലയുടെ പരിപാലനം കൃത്യമായി നടക്കുന്നില്ലെന്ന് പറഞ്ഞ്, അപകടങ്ങളു ണ്ടാകുമ്പോൾ ജീവനക്കാരെ മറ്റുകാര്യ ങ്ങൾക്ക് പറഞ്ഞു വിടുവാൻ പറഞ്ഞവരും കല്പിച്ചവരുമൊന്നും രംഗത്തു വരില്ല. കുറ്റം മുഴുവൻ ഫീൽഡു ജീവനക്കാരുടെ തലയിലും. കെ-ഫോണിനുവേണ്ടി കേബിൾ വലിക്കുന്നതിനിടയിൽ മൂന്നു പേരാണ് ഇതിനകം മരണപ്പെട്ടത്. അതിന്റെ ഉത്തര വാദിത്തത്തിൽ നിന്ന് സെക്ഷൻ ഓഫീസി ലെ ജീവനക്കാർ രക്ഷപ്പെട്ടത് തലനാരിഴയ് ക്കാണ്. സർക്കാരിന് പേരും പ്രശസ്തിയു മുണ്ടാക്കുവാനുള്ള പദ്ധതികൾക്കായി ജീവനക്കാരെ ഉപയോഗിക്കുമ്പോൾ അതുമൂലമുണ്ടാകുന്ന അപകടങ്ങളിലും ജീവനക്കാരെ സംരക്ഷിക്കേണ്ട ബാദ്ധ്യത ബോർഡിനുണ്ടെന്ന സത്യം മറന്നു പോകരുത്. നാടൻ ചൊല്ലുപോലെ തല്ലു മുഴുവൻ ചെണ്ടയ്ക്കും വരവു മുഴുവൻ മാരാർക്കും എന്നപോലെയുള്ള ഇപ്പോഴ ത്തെ അവസ്ഥയ്ക്കു മാറ്റം വരേണ്ടിയി രിക്കുന്നു. എല്ലാം ജീവനക്കാരുടെ തലയിൽ വലിച്ചുകയറ്റിവെച്ചിട്ട് അവരുടെ നടുവൊടി യുമ്പോൾ അവരെ ഒറ്റപ്പെടുത്തുന്ന ശബ്ദ ങ്ങളാണ് ബോർഡിന്റെ ഭാഗത്തു നിന്നുമു ണ്ടാകുന്നത്. ഇത് തികച്ചും നിരാശാജനക മാണ്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു ജോലി ചെയ്യുവാനുള്ള ജീവനക്കാരെ ഓരോ സെക്ഷനിലും നിയമിക്കുവാനുള്ള ബാധ്യത ബോർഡിനുണ്ട്, അതുചെയ്യാതെ സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചുവെന്നു പറഞ്ഞ് നടപടിയെടുക്കുവാൻ എല്ലാവർക്കും മിടുക്കാണ്. സൂപ്പർവൈസു ചെയ്യുവാൻ ആളില്ലാതെ വർക്ക് ചെയ്യേണ്ടയെന്ന് ഫീൽഡു ജീവനക്കാർ തീരുമാനമെടു ത്താൽ അന്ന് തീരും ഇത്തരം കാര്യങ്ങളി ലുള്ള ബോർഡിന്റെ അനാസ്ഥ. കേസും പ്രതിചേർക്കലും വർദ്ധിക്കുന്ന സാഹചര്യ ത്തിൽ ജീവനക്കാർ അത്തരം തീരുമാന ങ്ങളിലേക്കുപോയാലും അത്ഭുതത്തിനു വകയില്ല എന്നതാണ് സത്യം. അപകടങ്ങൾ പെരുകുന്നത് ജീവനക്കാരുടെ കുഴപ്പം കൊണ്ടുമാത്രമാണെന്ന വാദഗതിയോട് ഒരിക്കലും യോജിക്കാനാവില്ല. നമ്മുടെ സംവിധാനങ്ങളുടെ തകരാറുകളും ഇതിനു ആക്കം കൂട്ടുന്നുണ്ടെന്ന സത്യം അംഗീകരി ച്ചേ മതിയാവൂ.

✵

# ഞാനും എന്റെ പ്രൊമോഷൻ സ്വപ്നങ്ങളും...

*Er.* ഹരികുമാർ എ.ബി.

*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ*

**അ**ടുത്ത രണ്ടു മൂന്നു വർഷത്തിനുള്ളിൽ, ബോർഡിലെ ഏറ്റവും കണ്ണായ, കരളായ, ഏറ്റവും പവർഫുൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായ PMC (Project Monitoring Cell) യിലെ കസേര കിട്ടുമെന്ന് ദിവാസ്വപ്നം കണ്ടിരുന്ന, എന്റെ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ആ ഓഫീസ് തന്നെ ഇല്ലാതാക്കുന്നുവെന്ന ശ്രുതി, അത്യന്തം വേദനയോടെയാണ് ശ്രവിച്ചത്. ഞാനിരിക്കുമ്പോൾ, Central PMCയെ ബോർഡിലെ എല്ലാ വിംഗുകളിലേയും(എല്ലാം എന്നുവച്ചാൽ ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, സിവിൽ കൺസ്ട്രക്ഷൻ,സിസ്റ്റം ഓപ്പറേഷൻസ്) പ്രോജക്റ്റുകൾ മാനേജ് ചെയ്യുന്ന PMC ആയിത്തന്നെ കേരളത്തിലങ്ങോളമിങ്ങോളമുള്ള എല്ലാ Dy. CE മാരുൾപ്പെടെയുള്ളവരെ മുൾമുനയിൽ നിർത്തിക്കൊണ്ട്, പ്രോജക്ട് ട്രിപിൾ Constraints നെ Quality യുടെ ഫ്രെയിമിൽ ചാലിച്ച് , പ്രോജക്റ്റുകൾ അവയുടെ പ്രോജക്ട് ചാർട്ടർ അനുസരിച്ചു തന്നെ, Design Intent അനുസരിച്ച്, ഡെലിവർ ചെയ്യാനുള്ള സുവർണ്ണാവസരം ആയിരുന്നു. പക്ഷെ, മലർപ്പൊടിക്കാരന്റെ സ്വപ്നംപോലെ അത് തൂവിപ്പോയല്ലോ; ഇനിയിപ്പം പ്രൊമോഷൻ കിട്ടുന്നില്ലെങ്കിൽ, "AEE with full powers of Executive Engineer" എന്ന മാജിക് വടി (അതും ഒരാചാരമാണല്ലോ) കരസ്ഥമാക്കി, ഒരു PMC സെറ്റപ്പ് ചെയ്യിച്ചിട്ട് അതിന്റെ തലവനാകണം, എന്നാണ് അഭിലാഷം

***PS:*** കസേരയിൽ ഇരിയ്ക്കുന്ന ആളിന് പ്രൊമോഷൻ കിട്ടുമ്പോൾ, ഇരിക്കുന്ന കസേരയ്ക്കു കൂടി പ്രൊമോഷൻ കിട്ടുന്ന മാന്ത്രിക വടി കിട്ടണേയെന്നും പറഞ്ഞ് ഞാനും ഒറ്റക്കാലിൽ, പഞ്ചാഗ്നിമധ്യേ തപസ്സു തുടങ്ങിയിട്ടുണ്ട്. എങ്ങാനും ബിരിയാണി കിട്ടിയാലോ (ഇപ്പോൾ തന്നെ, എറണാകുളത്ത് അങ്ങനെയൊരു സംഗതി നടന്നു. ഇനിയും രണ്ടെണ്ണം കൂടി ഉടൻ തന്നെ നടക്കുമെന്നാണ് എന്റെ വിശ്വാസം.)

## 29 -ാമത് വെബ്ബിനാർ

**നവംബർ 1 ഞായറാഴ്ച വൈകുന്നേരം 7.30 ന്**

**വിഷയം** : **"Snapping : Issues and Solutions for LT Network"**

**നയിക്കുന്നത്** : **ഡോ. എം. കൃഷ്ണകുമാർ**, അസിസ്റ്റന്റ് എൻജിനിയർ

**പ്ലാറ്റ്ഫോം** : **സിസ്കോ വെബ്എക്സ്**

**www.ksebea.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് പേര് രജിസ്റ്റർ ചെയ്യുന്നവർക്ക്. ഇതിൽ പങ്കെടുക്കാവുന്നതാണ്.

***ശ്രദ്ധിക്കുക*** : ഇതിനു മുൻപ് സംഘടിപ്പിച്ച ഇരുപത്തിയെട്ട് വെബ്ബിനാറുകളും അസോസ്സിയേഷന്റെ യൂ-ട്യൂബ് ചാനലിൽ ലഭ്യമാണ്.

# Promotion & Increments – KSEBL need a timely gear shift



*Er. K.G. Potty*
Assisitant Executive Engineer

When KSEB changed to KSEBL, public and optimistic employees dreamt of a series of changes with management of the organization.But KSEBL lacked vision and management expertise to utilize possibilities of making policies and changes that is essential for a company. Though some efforts are taken on improving consumer service related fronts (ease of doing business), no effective policies were made or implemented to boost employees morale (especially Engineers) or to extract reasonable higher level of output. A vision on organization structure is still missing. For a profit making company, what shall be the organization structure? Do we need to re-designate our management (officer) posts? What shall be the duties & responsibilities of Front line, Middle &Top Management? How we have to filter people for filling up vacancies in each level? Existing KSR and derived practices are not suitable for a competitive power sector company as envisaged by EA2003. Reforms are essential. Policy to liberate KSEBL from political influence is the need of the hour.

Examples from fast growing dynamic organizations in Public and private sector shows key of their success lies with the work culture and environment for growth existing in those organizations for their employees. Clinching to never ending fascination for Government set up, service rules adopted from Government sector (KSR) and too much of political affiliation starting from politically appointed Chairman & Board of Directors to filling up vacancies on contract looking at their loyalty to ruling front - drags our organization from bad to worse.

Remembering the fact that criticism alone is not going to fetch any results, let us try to evaluate the situation more closely and try to suggest changes which may bring positive changes and better environment in the organization.

The basic criteria for eligibility to continue in service, salaries and perks and promotion shall be strictly and exclusively **Performance** of the individual employee. Gradation system to be replaced with appraisal system with immediate effect. Fixing career growth possibilities of an employee based on entry level qualifying

rank list and mere years of service (Gradation) is primitive. This blocks the possibility for an employee to rise in career by innovative and, sincere work .It blocks the demarcation between good and bad performers in work, and creates a mind block among young employees that hard work won't bring any benefit for them. This further blocks new ideas and innovative changes an employee may bring in his work .

For an Engineer, right from recruitment, management shall earmark a definite career plan for him. Recruit only when it is really required and once recruited, keep opportunities open to the employee to rise upto the top most position in the organization based on commitment and sincerity to work. Instead of generalists, we need specialists in each of the wings –Generation, Transmission and Distribution. An Engineer, after acquiring thorough knowledge in any of this wing is getting shifted to other wing needs equal amount of time and efforts to acquire reasonable proficiency to guide his team and frequent shifts between wings will make the knowledge level of our Engineers inadequate and shallow. Our organization shall not run as a training place for transferred employees. It shall be a place for serious business and employees at each level shall have the experience and knowledge to perform their job at required level of expectation. So transfer policy to be made ensuring a minimum period of continuous service of a key member in his place of posting.

Look at private sector. Employees of same batch are not getting same pay as time passes. Pay is directly linked to performance. From a batch of entry level candidates, 20-30% is getting promoted to second level quickly may be in 2-3 years and rest in following years. From this 20-30%, again best performers gets promotion in 5-6 years and so on. So only the best performers having vision, out of box thinking and utmost commitment to work climbs the ladder to top notch. They draw deserving pay as well.To make the organization more competitive, KSEBL may adopt such policy. Fixed increments and grade promotions shall be discontinued. Instead performance based variable increments and annual bonus (like 3 months salary for best performers, 2 months for better performers and 1 month for above bench mark performers) to be given. Those who keeps this job as second priority will get the heat and will either work or quit.

When performance becomes only yard stick, timely actions from team becomes mandatory and those employees shying away from hard work, taking shades of trade union activities, medical grounds and so on need to be dealt with. Disciplinary actions should be taken as per company rules, not KSR. Quick actions only can fetch results especially in disciplinary actions. Number of leaves to be reduced, and no one shall be spared from work.

When we start performing with such decisive steps, profits definitely will come and management may give portion of such profit as operational incentive to employees which further will boost morale of entire work force.

It is high time KSEBL to gear up to need of our times to implement reforms in service rules. Job security to be scrapped and employees should be given the message clear that –to survive, perform to bench mark level, to excel in your career, perform far beyond bench mark and there is nothing preventing you to become the Chairman of this organization one day- but you must be the best performer.

To achieve such vibrant and dynamic environment, we need to adopt a system of impartial, independent, free from politics appraisal system. Each Engineer shall be given his KPIs (measurable targets & goals) every year and appraisal shall be done twice in a year. If we cant do a professional appraisal management in house, there are agencies available doing HR services. Since Engineer in KSEBL are dealing with Engineer's and Manager's job at the same time, it may be considered to re-designate our posts as Management Trainee–Assistant Manager-Dy. Manager–Manager–Senior Manager –AGM–DGM–GM-Director and CEO. This will definitely create several interim posts compared to existing posts and a promotion in 4-5 years will definitely boost the Morale of each employee.

This write up is prepared keeping career of Engineers in mind. We can formulate similar proposals for others as well.

## ആദരാഞ്ജലികൾ



അരിവെപ്പോന്റെ തീയിൽച്ചെ-
ന്നീയാംപാറ്റ പതിക്കയാൽ
പിറ്റേന്നിടവഴിക്കുണ്ടിൽ -
കാണ്മൂ ശിശുശവങ്ങളെ.

കരഞ്ഞു ചൊന്നേൻ ഞാനന്ന്
ഭാവി പൗരനോടിങ്ങനെ;
'വെളിച്ചം ദുഃഖമാണുണ്ണി
തമസ്സല്ലോ സുഖപ്രദം'*

-അക്കിത്തം

**18 മാർച്ച് 1926 – 15 ഒക്ടോബർ 2020**

# " വാട്ട്സ് ഓൺ യുവർ മൈൻഡ് ?"



**അനീഷ് ഫ്രാൻസിസ്**
അസിസ്റ്റന്റ് എഞ്ചിനീയർ

'**ഒ**രു മാസത്തേക്ക് ഈ കുട്ടികളിൽ ഒരാളുടെ അച്ഛനും അമ്മയും ആകാൻ നിങ്ങളിൽ ആർക്കെങ്കിലും താൽപര്യം ഉണ്ടോ ?'

ഹാളിൽ ഇടതു വശത്ത് കൂടിയിരുന്ന മാതാപിതാക്കളോട് ഓർഫനേജ് ഡയറക്ടർ റാഫേൽ ചോദിച്ചു. മഞ്ഞുപോലെ നീണ്ട വെളുത്ത താടി തടവി കാരുണ്യം തെളിഞ്ഞ മിഴികൾ കൊണ്ട് ഡയറക്ടർ അവരെ ആകാംക്ഷയോടെ നോക്കി. വലത്തു വശത്തിരുന്ന കുട്ടികളുടെ കണ്ണുകളിലും ആകാംക്ഷ തെളിഞ്ഞു.

കുട്ടികളിൽ അഞ്ചു വയസ്സ് മുതൽ പതിനഞ്ചു വയസ്സ് വരെ ഉള്ളവർ ഉണ്ടായിരുന്നു. പ്രായംകുറഞ്ഞ കുട്ടികൾക്ക് നടക്കുന്നത് എന്താണ് എന്ന് മനസ്സിലായതുമില്ല. അവർ അപരിചിതരെ കൗതുകത്തോടെ നോക്കിക്കൊണ്ടിരുന്നു.

സർക്കാൻ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു ഓർഫനേജ് ആയിരുന്നു അത്. കുട്ടികളുടെ അവധിക്കാലത്ത് രണ്ടുമാസത്തേക്ക് കുട്ടികളെ വീടുകളിൽ താമസിപ്പിക്കുന്ന സ്നേഹവീട് എന്ന സർക്കാർ പ്രോഗ്രാമിന്റെ ഭാഗമായിട്ടായിരുന്നു ആ മീറ്റിംഗ്.

ഒന്ന് രണ്ടു കൈകൾ പതുക്കെ ഉയർന്നു. ചുറ്റും ഒന്നുനോക്കിയിട്ട് ഐസക്ക് ഭാര്യയെ നോക്കി. അവൾ ഫെയ്സ്ബുക്കിൽ കുത്തിക്കൊണ്ടിരിക്കുകയാണ്. ഐസക്ക് മെല്ലെ കൈ ഉയർത്തി.

രണ്ടു വരി കവിത പോസ്റ്റ് ചെയ്യുന്നതിനിടയിൽ വിമല തന്റെ ഭർത്താവ് കൈ ഉയർത്തുന്നത് കാണാൻ ഒരൽപം വൈകി. അവളുടെ കണ്ണുകളിൽ ദേഷ്യം തിളങ്ങി. മറ്റാരും ശ്രദ്ധിക്കാതെ അവൾ ഭർത്താവിന്റെ ചെവിയിൽ മുരണ്ടു.

"ഐസക്ക് എന്ത് ഉദേശിച്ചാ....??"

അയാൾ അത് കേട്ടില്ലെന്ന് നടിച്ചു.

"കുട്ടികളെ നിങ്ങളുടെ വീടിനു സമീപം കൊണ്ട് വിടും. തിരിച്ചു കൊണ്ടുപോവാനും വണ്ടി വരും. ഈ ദിവസങ്ങളിൽ നിങ്ങളാണ് അവരുടെ മാതാപിതാക്കൾ. ഒരു കാര്യത്തിനും ഓർഫനേജുമായി ഈ ദിവസങ്ങളിൽ ബന്ധപ്പെടരുത് എന്ന് താത്പര്യപ്പെടുന്നു."

ഡയറക്ടർ പറഞ്ഞു.

തിരികെ വീട്ടിലേക്ക് വണ്ടി ഓടിക്കുന്നതിനിടയിൽ ഐസക്ക് വിമലയെ പാളി നോക്കി. മുഖം കലം പോലെയുണ്ട്. മൊബൈൽ ഫോണിൽ എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. ചിലപ്പോ താരാട്ട് കവിതകൾ എഴുതുകയാവും.

"ഒരു പെൺകുട്ടിയാ നമ്മുടെ വീട്ടിൽ വരുന്നത്. ഏഴു വയസ്സുണ്ട്."

"അതിനു ഞാൻ എന്ത് വേണം. തന്നെ താനേ നോക്കിയാൽ മതി."

വിമല ചീറി.

പിന്നെ വീട്ടിൽ എത്തുന്നതുവരെ പിന്നെ രണ്ടു പേരും മിണ്ടിയില്ല.

രാത്രി വന്നു. വിമല ഫോണിൽ പോസ്റ്റുകൾക്ക് കമന്റുകൾ ഇടുകയും തന്റെ പോസ്റ്റിൽ കമന്റ് ഇടുന്നവർക്ക് മറുപടി കൊടുക്കുകയുമാണ്. അവൾ ഒരു വലിയ ഗ്രൂപ്പിന്റെ അഡ്മിനും കൂടിയാണ്.

അവർക്ക് കുട്ടികളില്ല.

ഏഴുവർഷം മുൻപ് വിമല ഗർഭവതിയായതാണ്. അന്ന് അവൾക്ക് ഗൾഫിൽ ജോലി ശരിപ്പെട്ടപ്പോൾ പ്രസവം ഒരു തടസ്സമായി. അയാളുടെ കൂടെ നിർബന്ധം കൊണ്ടാണ് അവൾ അബോർഷൻ നടത്തി ഗൾഫിലേക്ക് വിമാനം കയറിയത്.

പിന്നീട് ഒരിക്കലും അവൾ ഗർഭിണി ആയില്ല. ധാരാളം സ്വത്ത് സമ്പാദിച്ചു കൊണ്ട് രണ്ടു പേരും കഴിഞ്ഞ വർഷം ഗൾഫിൽ നിന്നും തിരികെ എത്തി. ഇപ്പോൾ വിമലക്ക് കടുത്ത നിരാശയുണ്ട്. കുഞ്ഞുങ്ങൾ എന്ന് കേട്ടാൽ ഇപ്പോൾ അവൾക്ക് ദേഷ്യമാണ്. ആ ദേഷ്യം തന്നോടും കൂടി ആണെന്ന് അയാൾക്ക് അറിയാം.

അവൾ ഇപ്പോൾ മൊബൈൽ ഫോണിൽ ഫെയ്സ്ബുക്കിൽ തന്റെ മറ്റൊരു ലോകം സൃഷ്ടിച്ചു എല്ലാത്തിൽ നിന്നും ഒളിച്ചോടുകയാണ്. കവിതകളും കഥകളും ഗ്രൂപ്പും പോസ്റ്റും കമന്റുകളുമായി അവളുടെ നിമിഷങ്ങൾ പിച്ചവയ്ക്കുന്നു.

നിലാവ് വാർന്നു വീഴുന്ന ജനാലയ്ക്കരികിൽ നിന്നു കൊണ്ട് അയാൾ രാത്രിയിലേക്ക് നോക്കി നിഷേധാത്മകമായി തല കുലുക്കി.

പാടില്ലായിരുന്നു; ഒരിക്കലും പാടില്ലായിരുന്നു.

ആ കുഞ്ഞിനെ നശിപ്പിച്ചു കളയാതിരുന്നെങ്കിൽ, അത് വളർന്നു വലുതായിരുന്നുവെങ്കിൽ !

മേഘരഹിതമായ ആകാശത്തു ചന്ദ്രബിംബം. ആ മഞ്ഞ ബിംബത്തിൽ അയാൾ തനിക്കു ജനിക്കാതെ പോയ കുഞ്ഞിന്റെ മുഖം സങ്കൽപ്പിച്ചു. ഒരു മുഖം തെളിഞ്ഞു വരുന്നത് പോലെ അയാൾക്ക് തോന്നി.

ബീപ്..

ശബ്ദം കേട്ട് അയാൾ ഞെട്ടിത്തിരിഞ്ഞു. വിമലയുടെ ഫോണിൽ ഫെയ്സ്ബുക്കിന്റെ നോട്ടിഫിക്കേഷൻ വന്നതാണ്. അവൾ നോട്ടിഫിക്കേഷൻ റിംഗ്ടോൺ ഇട്ടിരിക്കുകയാണ്. അടുക്കളയിൽ ആണെങ്കിലും ആ നിമിഷം ഫോൺ എടുത്തു നോക്കണം.

ഓർഫനേജിലെ കുട്ടി വീട്ടിൽ വരുന്ന ദിവസം അടുത്ത് വരുംതോറും അയാളുടെ ഉള്ളിൽ ടെൻഷൻ കൂടിക്കൊണ്ടിരുന്നു. വിമലയും ഐസക്കും തമ്മിൽ അല്ലെങ്കിൽ തന്നെ വളരെ കുറച്ചേ സംസാരമുള്ളു. കുട്ടിയെ കൊണ്ടുവരുന്ന കാര്യം കൂടി ആയപ്പോൾ മിണ്ടാട്ടം തീരെയില്ല. എന്തെങ്കിലും ആയിക്കോ, തനിക്കൊന്നുമില്ല എന്ന ഭാവവുമായി അവൾ ഫെയ്സ്ബുക്കിൽ കവിതകൾ എഴുതിക്കൊണ്ടിരുന്നു.

ആ കുട്ടിക്ക് എന്താണ് ഇഷ്ടം എന്ന് അറിയില്ല. എന്തൊക്കെ ഒരുക്കണം എന്നും.

വാശിയുള്ള കുട്ടിയായിരിക്കുമോ? വിമലയുടെ സ്വഭാവം കൂടിയാവുമ്പോൾ എന്താവും? വേണ്ടായിരുന്നു എന്നുവരെ ഐസക്കിന് തോന്നി.

ഒടുവിൽ ആ ദിവസം വന്നു. ഐസക്ക് വീടിന്റെ വരാന്തയിൽ മിടിക്കുന്ന നെഞ്ചുമായി കാത്തിരുന്നു. അകത്തു നിന്നു വിമലയുടെ ഫെയ്സ്ബുക്ക് ശബ്ദങ്ങൾ മാത്രം ഇടയ്ക്കിടക്ക് നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ടിരുന്നു.

കുട്ടികളുടെ ആരവം കേട്ടാണ് ഐസക്ക് തല ഉയർത്തി നോക്കിയത്. കുറച്ചു അകലെയുള്ള ഗേറ്റിനു മുൻപിൽ ഒരു മഞ്ഞ നിറമുള്ള വാൻ വന്നു നിന്നു. അതിൽ നിറയെ കുട്ടികൾ. അവരുടെ ശബ്ദമാണ്. അയാൾ ചാടിയെഴുന്നേറ്റു.

പൂക്കളുടെയും പൂമ്പാറ്റകളുടെയും ചിത്രം വരച്ച വാഹനത്തിന്റെ ഡോർ തുറന്നു ഒരു കൊച്ചു പെൺകുട്ടി ഇറങ്ങി വന്നു. ബാഗ് തോളിൽ ഇട്ടു അവൾ ആ വീടിന്റെ പൂമുഖത്തേക്ക് ഒരു നിമിഷം നോക്കി. അപ്പോഴേക്കും ആരവങ്ങളുമായി ആ വണ്ടി അവിടുന്ന് പോയി കഴിഞ്ഞിരുന്നു.

ഐസക്ക് ഗേറ്റിനു അടുത്തേക്ക് ഓടി ചെന്നു. അപ്പോഴേക്കും ആ കുട്ടി ഗേറ്റിന്റെ അഴികൾക്കിടയിൽ കാലുകൾ കടത്തി

പതുക്കെ ഗേറ്റ് പുറകോട്ട് ആട്ടി വിട്ടു. അവളുടെ ഭാരത്തിൽ ഗേയ്റ്റ് മുൻപോട്ടും പുറകോട്ടും ആടാൻ തുടങ്ങി.

ഐസക്ക് അടുത്ത് വന്നപ്പോഴേക്കും ആട്ടം ശക്തമായി. കൈ രണ്ടും ഗേറ്റിന്റെ അഴികൾ ബലമായി പിടിച്ചാണ് ആട്ടം. ഒപ്പം അവളുടെ മിഴികൾ ആകാശത്ത് ഉറച്ചിരിക്കുകയാണ്. ഗേറ്റ് ആടുന്ന ശബ്ദം കേട്ട് വിമല പുറത്തു വന്നു. വരാന്തയിൽ നിന്നുകൊണ്ട് ഗേറ്റ് അങ്ങോട്ടുമിങ്ങോട്ടും ആട്ടുന്ന കുട്ടിയേയും അവളുടെ അടുത്ത് വായും പൊളിച്ചു നില്ക്കുന്ന ഭർത്താവിനെയും കത്തുന്ന മിഴികൾ കൊണ്ട് വിമല നോക്കി. ആ നിമിഷം അവളുടെ കവിതയ്ക്ക് ആരോ പുരുഷ ആരാധകർ അരപ്പേജു വരുന്ന ഒരു വിലയിരുത്തൽ കമന്റ് ഇട്ടതിന്റെ നോട്ടിഫിക്കേഷൻ വന്നു. സാധാരണ അവൾ അതിനു വിശദമായ നന്ദി മറുപടി കൊടുക്കുന്നതാണ്. എന്നാൽ ദേഷ്യം പിടിപ്പിക്കുന്ന കാഴ്ചയിൽ അവൾ ഒരു കൈ കൊണ്ട് 'താങ്ക്സ്' എന്ന ഒറ്റ വാക്ക് റിപ്ലെ കൊടുക്കുകയാണ് ചെയ്തത്.

ഐസക്കിന് എന്ത് പറയണം എന്ന് അറിയില്ലായിരുന്നു. തന്റെ വീട്ടിൽ അവധിക്കാലം ചിലവഴിക്കാനായി വിരുന്നു വന്ന കൊച്ചുകുട്ടി. മുടി ഇരുവശത്തേക്കും പിന്നിക്കെട്ടിയ അവളുടെ മുടി മെറൂൺ കളർ റിബൺ കൊണ്ട് കെട്ടിയിരുന്നു. ഗേറ്റിൽ ആടുന്നതിനിടയ്ക്ക് അവ തത്തിക്കളിച്ചു.

“മോളേ...വാ.. വീട്ടിലോട്ടു കേറണ്ടെ..” ഒടുവിൽ ഐസക്ക് ചോദിച്ചു.

അവൾ അപ്പോഴും ആകാശത്തേക്ക് സൂക്ഷിച്ചു നോക്കി നിൽക്കുകയാണ്.

“പപ്പാ... ആകാശത്തേക്ക് നോക്കിക്കേ.. ഒരു കരടീനേ കാണാം... നോക്കിക്കേ..”

അത്പറഞ്ഞിട്ട് അവൾ വീണ്ടും അങ്ങോട്ട് നോക്കി കൊണ്ട് ആടി.

അവളുടെ പപ്പാ എന്ന വിളിയിൽ ഐസക്ക് ഞെട്ടിപ്പോയി. കരളിലൂടെ ഒരു കരിമ്പിൻ കഷ്ണം കടന്നു പോയത് പോലെ. ഒരു നിമിഷം അയാൾ എല്ലാം മറന്നു അവളെ വാരിപ്പുണർന്നു.. പിന്നെ അവളെയും കൂട്ടി വീട്ടിലേക്ക് നടന്നു. ആ കാഴ്ച കണ്ടു കരടിയുടെ രൂപം പോലെയുള്ള വെളുത്ത മേഘം കാറ്റിൽ ഒന്ന് ചിരിച്ചു.

എല്ലാം കണ്ടു നിന്ന വിമല ചവിട്ടിത്തുള്ളി മുഖം വീർപ്പിച്ചു കൊണ്ട് പോയി. കുട്ടി ചെരിപ്പുകൾ അഴിച്ചു വച്ചതിനു ശേഷം അയാളോടൊപ്പം ഹാളിലേക്ക് കടന്നു.

“ഹോ എന്നാ വലിയ വീടാ.. ഞങ്ങളുടെ സ്കൂളിന്റെ അത്രയും ഉണ്ടല്ലോ...” അവൾ കണ്ണ് മിഴിച്ചു കൊണ്ട് ഡ്രോയിംഗ് ഹാൾ നടന്നു നോക്കി. ഭിത്തികളിൽ ഇരുന്ന ചിത്രങ്ങളിലെ മരിച്ചു പോയവർക്കും പുണ്യവാളൻമാർക്കും കർത്താവിനും ഒരു നിമിഷം കൊണ്ട് ജീവൻ വച്ചു.

ഐസക്ക് അവളെ തീൻമേശക്ക് അരികിലെ കസേരയിൽ ഇരുത്തി. വിമല അടുക്കളയിൽ നിന്നു ഒരു ട്രേയിൽ ചായയും ബിസ്ക്കറ്റും കൊണ്ട് വന്നു അവളുടെ മുൻപിൽ കൊണ്ട് വച്ചു. വിമലയുടെ മുഖത്ത് ഒട്ടും തെളിച്ചമില്ലായിരുന്നു. അതിനു ശേഷം ആ വലിയ മേശയുടെ അങ്ങേയറ്റത്ത് ആ കുട്ടിയുടെ നേരെ എതിരായി മൊബൈൽ ഫോണും പിടിച്ചു കൊണ്ടിരുന്നു. മൊബൈലിൽ നിന്നു തല ഉയർത്താതെ തന്നെ വിമല ചോദിച്ചു.

“എന്താ നിന്റെ പേര് ?”

അവൾ അപ്പോൾ ഓരോ ബിസ്ക്കറ്റും എടുത്തു അതിനു പുറത്തു എഴുതിയത് വായിക്കാൻ നോക്കുകയായിരുന്നു. ഐസക്ക് മാറി നിന്നു അവളെ കണ്ടു കൊണ്ടിരുന്നു. എന്തൊരു ഓമനത്തമാണ് അവളുടെ മുഖത്ത്. കണ്ണുകളിൽ കുസൃതിയുടെ തിരയിളക്കം കാണാം. ഇനിയുള്ള ദിവസങ്ങളിൽ വിമലയുമായി യുദ്ധം തന്നെ ഉണ്ടാകും എന്ന് അയാൾ ഉറപ്പിച്ചു.

“എന്റെ പേരോ.. എന്റെ പേര് ഐവി... മമ്മിയുടെ പേരോ..?” അവൾ ബിസ്ക്കറ്റ്

വായിൽ ഇട്ടു കൊണ്ട് ചോദിച്ചു.

"മമ്മിയോ,ആരുടെ മമ്മി...ഞാൻ നിന്റെ മമ്മിയൊന്നുമല്ല.." വിമല പൊടുന്നനെ ചീറി.

"ആ.....മമ്മീന്നും പപ്പാന്നും വിളിക്കണം ന്നാ ഞങ്ങളുടെ അടുത്തു പറഞ്ഞേക്കുന്നെ... വേണോങ്കി മതി..വേണ്ടെങ്കി വേണ്ടാ...."

ഐവി ചിറി കോട്ടിക്കൊണ്ട് പറഞ്ഞു. അടുത്ത നിമിഷം അവൾ ബിസ്ക്കറ്റ് ചായയിൽ മുക്കി അലിഞ്ഞു പോകുന്നതിനു തൊട്ടു മുൻപ് എടുത്തു നാവിൽ വയ്ക്കുന്ന ഗെയിമിലേക്ക് കടന്നു.

അവളുടെ സ്പോട്ടിൽ ഉള്ള മറുപടി കേട്ട് വിമല ഐസാകുന്നത് കണ്ടു ഐസക്കിന് ചിരി പൊട്ടിയെങ്കിലും വിമല ദേഷ്യപ്പെടും എന്ന് അറിയാവുന്നത് കൊണ്ട് കടിച്ചമർത്തി.

വിമല രൂക്ഷമായി ഐവിയെ നോക്കി. എന്നിട്ട് മൊബൈലിലേക്ക് വീണ്ടും മുഖം താഴ്ത്തി. ഐസക്ക് ഐവിയെ വിളിച്ചു കൊണ്ട് പോയി അവളുടെ മുറി കാണിച്ചു കൊടുത്തു.

"ഹോ എന്നാ വലിയ മുറിയാ.."വീണ്ടും ഐവിയുടെ അത്ഭുതം.

അയാൾ അവൾക്ക് വേണ്ടി വെളുത്ത മേഘങ്ങളുടെയും അതിനിടയിലൂടെ ഓടുന്ന മുയൽക്കുഞ്ഞുങ്ങളുടെയും ചിത്രമുള്ള പുതപ്പും പൂക്കളുടെ ചിത്രം ഉള്ള തലയിണയുറകളും കരുതിയിരുന്നു.

മുറിയിലേക്ക് ഐസക്ക് വളർത്തുന്ന വെളുത്ത ചക്കിപ്പൂച്ച കയറി വന്നു.

''ഹായ്, പൂച്ച'' അവൾ ഓടിച്ചെന്നു അതിനെ എടുത്തു.

"ഇതിന്റെ പേരെന്താ..പപ്പാ.."

''അതിനു പേരില്ല മോളെ..'' അയാൾ പറഞ്ഞു.

അത് കേട്ട് അവളുടെ മുഖം മ്ലാനമായി.

"ഞാൻ വിചാരിച്ചു ഇവളുടെ പേര് വൈറ്റ് എന്നായിരിക്കുംന്ന്... എന്ത് വൈറ്റാ..."

അവൾ പൂച്ചയുടെ മുതുക് തടവിക്കൊണ്ടിരുന്നപ്പോൾ ഐസക്ക് പറഞ്ഞു.

''ഇനി കുറച്ചു ദിവസത്തേക്ക് ഇത് മോളുടെ വീടാ... മോൾക്ക് എന്ത് ആവശ്യം ഉണ്ടേലും പപ്പയോടു പറയണം.. നമുക്ക് നാളെ പോയി പുതിയ ഡ്രസ്സ് ഒക്കെ വാങ്ങാട്ടോ..."

അവൾ അയാളെ നോക്കി തലയാട്ടി. അവൾ തലയാട്ടുന്നതിനൊപ്പം കൊമ്പുകൾ പോലെ മെറൂൺ നിറമുള്ള റിബൺ ഇളകുന്നത് ചക്കിപ്പൂച്ച കൗതുകപൂർവ്വം നോക്കിക്കൊണ്ടിരുന്നു.

പ്രാർത്ഥന ചൊല്ലുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും വിമല അവളുടെ മുഖത്ത് നോക്കിയില്ല. ടി.വി. കണ്ടു കൊണ്ടിരിക്കുമ്പോൾ അവൾ ഐസക്കിന്റെ കയ്യിൽ നിന്നു റിമോട്ട് വാങ്ങി കൊച്ചു ടി.വി. വച്ചു.

"കുറുനരി മോഷ്ടിക്കുമോ?" എന്ന ചോദ്യം സ്വീകരണമുറിയിൽ മുഴങ്ങി.

ദേഷ്യം കൊണ്ട് വലിഞ്ഞു മുറുകിയ മുഖവുമായി വിമല സെറ്റിയിൽ നിന്നു എഴുന്നേറ്റ് മുറിയിൽ പോയി. അവൾ ഫെയ്സ് ബുക്ക് തുറന്നു "feeling irritated" എന്ന് സ്റ്റാറ്റസ് ഇട്ടു. അവളുടെ ഒരു 'ഉണ്ടോ, ഉറങ്ങിയോ, സുഖമാണോ, എന്താണ് നിരാശ, കാണാൻ പറ്റുമോ, വാട്സപ്പ് ഉണ്ടോ' എന്നൊക്കെ സ്ഥിരമായി അന്വേഷിച്ചു കൊണ്ടിരുന്ന ഏഴു പേർ ഇത് തങ്ങളെ ഉദ്ദേശിച്ചാണോ എന്നും തങ്ങളുടെ ചാറ്റ് ലോഗ് അവൾ സ്ക്രീൻ ഷോട്ടായി ഇടുമോ എന്നും ഭയന്ന് ഉടനെ തന്നെ അവളെ ബ്ലോക്ക് ചെയ്തു. പക്ഷെ പുതിയ ഏഴു പേർ ഉടനെ തന്നെ അവളുടെ ഇൻ ബോക്സിലേക്ക് ഇറിറ്റേഷന്റെ കാരണം അന്വേഷിച്ചു ഹായ് വിട്ടു തുടങ്ങി. ഈ സമയം ഐസക്കും ഐവിയും ചക്കിപ്പൂച്ചയും ഡോറയുടെ പ്രയാണം കണ്ടു കൊണ്ടിരുന്നു.

അവൾ സെറ്റിയിൽ ഇരുന്നു ഉറക്കം തൂങ്ങിയപ്പോൾ ഐസക്ക് അവളെ എടുത്തു കൊണ്ട് പോയി കട്ടിലിൽ കിടത്തി. അപ്പോൾ തലയിണയുറയിലെ പൂക്കൾ വിടർന്നു.

പുതപ്പിലെ മുയൽക്കുഞ്ഞുങ്ങളും ചെറിയ വെള്ള മേഘങ്ങളും അവളെ പുൽകി.

രാത്രി കിടക്കുമ്പോൾ ഐസക്കിന്റെ ഹൃദയം വെള്ളമേഘങ്ങളിൽ കൂടി പായുന്ന മുയൽക്കുഞ്ഞിനെ പോലെ സന്തോഷഭരിത മായിരുന്നു. വിമലയുടെ പിണക്കം അയാൾ അറിഞ്ഞത് പോലുമില്ല. എന്നും രാത്രി കഴിക്കുന്ന കോണിയാക്ക് ബ്രാണ്ടിയുടെ കുപ്പി അയാളെ കാണാതെ വിഷമിച്ചു.

പിറ്റേന്നു രാവിലെ അവൾ ഉണർന്നു അടുക്കളയിൽ ചെന്നു. വിമല ദോശ ചുടാൻ ഉള്ള ഒരുക്കത്തിലാണ്.

"മമ്മി ഗുഡ് മോർണിംഗ്...?"

"കൊച്ചെ.. ഞാൻ നിന്റെ മമ്മിയൊന്നു മല്ല.." വിമല ദേഷ്യം കൊണ്ട് വിറച്ചു.

'മമ്മി, എന്തുവാ ഉണ്ടാക്കുന്നേ..?' വീണ്ടും ഐവി.

"കുന്തം.." വിമല പിറുപിറുത്തു.

ഐവി അതൊന്നും മൈൻഡ് ചെയ്തില്ല. വിമലയുടെ ദേഷ്യം അവൾക്ക് ഒരു തമാശ പോലെ തോന്നി.

ഐസക്ക് ഐവിയെയും കൂട്ടി നഗര ത്തിൽ പോയി. അവൾക്ക് ഒപ്പം ഐസ്ക്രീം കഴിച്ചു. അവളുടെ കൈ പിടിച്ചു നഗരത്തിലെ, ശീതീകരിച്ച വലിയ മാളുകളിൽ കൂടി അലഞ്ഞു. പുതിയ വസ്ത്രങ്ങൾ അവൾക്ക് വാങ്ങിക്കൊടുത്തു. അവളുടെ ഒരിക്കലും തീരാത്ത അത്ഭുതവും ചിരിയും, താൻ മറ്റേതോ സന്തോഷം മാത്രമുള്ള ഗ്രഹത്തിൽ ആണ് ജീവിക്കുന്നത് എന്ന വികാരം അയാളിൽ ഉണ്ടാക്കി. വിമല അവരുടെ ഒപ്പം വന്നില്ല.

അവൾ ഐവിയെ പൂർണ്ണമായി അവഗ ണിച്ചു; ഒരുതരം ഒളിച്ചോട്ടം. ദിവസങ്ങൾ വേഗം പൂമ്പാറ്റകളെ പോലെ പറന്നു പോയി.

ഐസക്കിന് വിമലയോട് ദേഷ്യപ്പെടാൻ പോലും നേരം ഉണ്ടായില്ല. അയാൾ രാവും പകലും ഐവിക്കൊപ്പം ആയിരുന്നു.

ഒരു ദിവസം രാത്രി അവർ ഭക്ഷണം കഴിക്കാൻ ഇരിക്കുകയായിരുന്നു. വിമല അവളുടെ ഫോൺ മേശയിൽ വച്ചിട്ട് അടുക്കള യിൽ പോയി.

ഐവി പതുക്കെ വന്നു ആ ഫോൺ എടുത്തു.

"ഈ മമ്മി എന്താ ഈ ഫോണിൽ ഇപ്പോഴും കുത്തികൊണ്ടിരിക്കുന്നെ..."

അവൾ അത് തുറന്നു നോക്കാൻ തുടങ്ങു ന്നതിനിടയിൽ വിമല അടുക്കളയിൽ നിന്നു പാഞ്ഞു വന്നു.

"എന്റെ ഫോൺ അവിടെ വയ്ക്കടീ... അസത്തേ..." വിമല അലറി.

പൊള്ളിയതുപോലെ ഐവി ഫോൺ വച്ചു. ആ കുഞ്ഞു കണ്ണുകൾ നിറയുന്നത് ഐസക്ക് കണ്ടു. അവൾ ഫോൺ വച്ചിട്ട് മെല്ലെ പറഞ്ഞു.

"സോറി, മമ്മീ..."

പിന്നെ അവൾ പതുക്കെ ഭക്ഷണം കഴിച്ചിട്ട് ഐസക്കിനോട് ഗുഡ് നൈറ്റ് പറഞ്ഞിട്ട് എഴുന്നേറ്റു പോയി.

അന്ന് രാത്രി ഐവി വന്നതിനു ശേഷം ഐസക്ക് ആദ്യമായി മദ്യം കുടിച്ചു. ഫെയ്സ് ബുക്കിൽ നോക്കി കൊണ്ടിരുന്ന ഭാര്യയുടെ അരികിലേക്ക് അയാൾ ചെന്നു. അവൾ തലയുയർത്തി നോക്കി.

അയാൾ അവളുടെ കരണത്ത് നോക്കി ഒന്ന് പൊട്ടിച്ചു. പൊന്നീച്ച പറക്കുന്നത് പോലെ വിമലയ്ക്ക് തോന്നി.

"നീ അസത്തേന്നു വിളിച്ചത് ഒരു അനാഥ ക്കുഞ്ഞിനെയാണ്. ഇനി അവൾ ആകെ രണ്ടോ മൂന്നോ ദിവസമേ ഈ വീട്ടിൽ ഉണ്ടാകു. അതുവരെ ക്ഷമിക്കാൻ പറ്റിയില്ലെ ങ്കിൽ നീ ഒരു സ്ത്രീ അല്ലെന്നു ഞാൻ കരുതും." അയാൾ പറഞ്ഞു.

പിറ്റേന്ന് ഐവി തലേദിവസത്തെ കാര്യം മറന്നു. ചക്കിപ്പൂച്ചയുമായി ചിരിച്ചു കളിച്ചു ടി.വി.യിലെ കാർട്ടൂൺ കണ്ടുകൊണ്ടിരിക്കു കയായിരുന്നു. ഒരു ഫെയ്സ്ബുക്ക് ഗ്രൂപ്പ് മീറ്റ്

ഉള്ളതിനാൽ അതിനു പോകാനായി വിമല സ്വീകരണ മുറിയിലെ മേശയിൽ സാരി തേയ്ക്കുകയായിരുന്നു.

പെട്ടെന്നാണ് ഐവി വിമലയുടെ നിലവിളി കേട്ടത്.

തേപ്പുപെട്ടിയുടെ പ്ലഗ് ഊരുന്നതിനിടയിൽ അവൾക്ക് ഷോക്ക് അടിച്ചു നിലത്തു വീണു. അതിൽ നിന്നു പിടി വിടാൻ ആവാതെ വിമല പിടഞ്ഞു.

ഐവി ഞെട്ടി. അവൾ പുറത്തേക്ക് ഓടി. കാർ ഷെഡ്ഡിന് അരികിൽ പാഷൻ ഫ്രൂട്ട് പറിക്കാൻ വച്ചിരുന്ന മരക്കൊമ്പിന്റെ തോട്ടി അവൾ എടുത്തു കൊണ്ട് വന്നു വിമലയെ തല്ലിയകറ്റി. വിമല ബോധരഹിതയായി നിലത്തു വീണു.

ഐവി അവളുടെ മുഖത്ത് വെള്ളം തളിച്ചു. വിമല കണ്ണ് തുറന്നു. പിന്നെ ആദ്യം കാണുന്നതു പോലെ ഐവിയെ നോക്കി. പിന്നെ കെട്ടിപിടിച്ചു പൊട്ടിക്കരഞ്ഞു.

“മോളെ...”

വിമലയുടെ കണ്ണുനീർ ഐവിയുടെ മുഖം പൊള്ളിച്ചു.

“മമ്മി എന്തിനാ കരയുന്നെ...?”

ഐവി അവളുടെ കണ്ണുനീർ തുടച്ചു. വിമല ഐസക്കിനെ ഫോണിൽ വിളിച്ചു. വീട്ടിൽ വന്നു വിമലയുടെ മടിയിൽ ഇരിക്കുന്ന ഐവിയെ കണ്ടു അയാൾ അമ്പരന്നു. വിവരങ്ങൾ അറിഞ്ഞു അയാൾ ഞെട്ടി.

“ഇത്രയും നാൾ ഒരു കുഴപ്പവും ഇല്ലാതിരുന്ന പ്ലഗ് ആണത്... എന്തായാലും നന്നായി.. വൈകി ആണെങ്കിലും പിണക്കം മാറിയല്ലോ..”

അന്ന് രാത്രി ഐവി അവരുടെ ഒപ്പമായിരുന്നു കിടന്നത്. ഒരു നിമിഷം കൊണ്ട്, വിമലയുടെ അണപൊട്ടിയ മാതൃ സ്നേഹം കണ്ട് ഐസക്കിന്റെ കണ്ണ് നിറഞ്ഞു.

രാത്രി അവൾ ഉറങ്ങിയപ്പോൾ വിമല ഐസക്കിനോട് പറഞ്ഞു.

“ഐസക്ക്, ഞാൻ ഇത്രയും ദിവസം ദേഷ്യം കാണിച്ചത് അവളോടല്ല. എന്നോട് തന്നെയാണ്. ഏഴു വർഷം മുൻപ് ഞാൻ ഒരു കുഞ്ഞിനെ കൊന്നു കളഞ്ഞല്ലോ എന്നതിൽ സ്വയം തോന്നിയ ദേഷ്യം. പക്ഷെ അവൾ എന്റെ ജീവൻ രക്ഷിച്ചു. സ്വന്തം കണ്ണുതുറന്നപ്പോ, ഉള്ളിൽ ഉണ്ടായിരുന്ന ഭാരം ഇല്ലാതായി. ഐസക്ക്... എന്തോ എനിക്കിപ്പോ തോന്നുന്നു ദൈവം നമ്മളോട് ക്ഷമിച്ചുവെന്ന് ...”

“ശരിയാ വിമലേ.. അവൾ ഒരു മാലാഖയാണ് ...”

“നമുക്ക് അവളെ ദത്ത് എടുത്താലോ ഐസക്ക്..” വിമല ചോദിച്ചു.

‘‘ഞാനും അത് തന്നെയാണ് ഇത്ര ദിവസം ആലോചിച്ചത്..” നിറഞ്ഞ ചിരിയോടെ ഐസക്ക് പറഞ്ഞു.

പിറ്റേന്ന് അവൾ മൂവരും ഒരുമിച്ചു ഒരു യാത്ര പോയി. രണ്ടു ദിവസം, രണ്ടു സ്വർഗ്ഗതുല്യമായ നിമിഷങ്ങൾ പോലെ കടന്നു പോയി. ആ രണ്ടു ദിവസവും വിമല ഫെയ്സ്ബുക്കിന്റെ കാര്യം മറന്നു.

ഒടുവിൽ അവൾ പോകുന്ന ദിവസമെത്തി.

ദു:ഖം കിനിയുന്ന മുഖവുമായി ഐസക്കും വിമലയും അവളോടൊപ്പം വരാന്തയിൽ കാത്തിരുന്നു.

അപ്പോൾ ഐസക്ക് ചോദിച്ചു.

“മോളെ..മോള് പോകുന്നതിനു മുൻപ് മോൾക്ക് എന്തെങ്കിലും ആഗ്രഹം ഉണ്ടേൽ പറയണം. എന്ത് വേണേലും ...”

‘‘പപ്പയും മമ്മിയെ പോലെ ഫെയ്സ്ബുക്ക് ഉണ്ടാക്കണം...’’ അവൾ കുസൃതി ചിരിയോടെ പറഞ്ഞു.

നനയുന്ന കണ്ണുമായ് വിമല ഐസക്കിന്റെ ഫെയ്സ്ബുക്ക് തുറന്നു. പിന്നെ അവളെ അത് കാണിച്ചു.

ഫെയ്സ്ബുക്കിന്റെ സ്റ്റാറ്റസ്ബോക്സിനു മുകളിൽ എഴുതിയിരുന്നത് ഐവി വായിച്ചു.

“വാട്സ് ഓൺ യുവർ മൈൻഡ്.?”

‘‘എന്താ ഇപ്പൊ പപ്പയുടെ മനസ്സിൽ ഉള്ളത്.?” ഐവി ചോദിച്ചു.

അപ്പൊ പുറത്തു ഒരു ആരവം കേട്ടു. മഞ്ഞ നിറമുള്ള ചിത്രങ്ങൾ വാരി വിതറിയ ഒരു വാഹനം ഗേറ്റിന് പുറത്തു വന്നു നിന്നു.

രണ്ടു പേരെയും കെട്ടിപിടിച്ചു ഉമ്മ വച്ചതിനു ശേഷം ഐവി മെല്ലെ ഗേറ്റിനു അരികിലേക്ക് നടന്നു പോയി. അവളുടെ ഒപ്പം വെളുത്ത ചക്കിപ്പൂച്ചയും ഗേറ്റിലേക്ക് ഓടി. അവൾ ഡോറിൽ കയറി നിന്നതിനുശേഷം അവരെ തിരിഞ്ഞു നോക്കി കൈ വീശികാണിച്ചു.

ഒരു പ്രതിമ പോലെ വിമല അത് നോക്കിയിരുന്നു. അപ്പോൾ യാന്ത്രികമായി ഐസക്ക് ആ ഫോൺ വാങ്ങി ഫെയ്സ്ബുക്കിന്റെ വെളുത്ത ചതുരത്തിൽ ഇങ്ങനെ എഴുതി.

‘‘ഈ അവധിക്കാലത്ത് ദൈവം ഞങ്ങളുടെ വീട്ടിൽ വിരുന്നു വന്നു.”

അയാൾ ഫോൺ വിമലയുടെ കയ്യിൽ കൊടുത്തു. അവൾ പോസ്റ്റ് എന്ന ഐക്കണിൽ യാന്ത്രികമായി അമർത്തി. അത് പബ്ലിഷ് ചെയ്തു. പിന്നെ ഐസക്കിന്റെ നെഞ്ചിൽ മുഖം അമർത്തി പൊട്ടിക്കരഞ്ഞു.

ആ വീട് മരണവീട് പോലെ ഉറങ്ങി. നിശബ്ദത ഒരു ആവരണം പോലെ അതിനെ പുൽകി .

രാത്രി ഐസക്കിന്റെ ഫോണിലേക്ക് ഒരു കോൾ വന്നു. അപ്പുറത്ത് ഓർഫനേജ് ഡയറക്ടർ ആയിരുന്നു.

‘‘ക്ഷമിക്കണം മിസ്റ്റർ ഐസക്ക്... നിങ്ങളുടെ വീട്ടിലേക്ക് സ്നേഹവീട് പ്രോഗ്രാമിൽ ഞങ്ങൾക്ക് കുട്ടിയെ അയക്കാൻ കഴിഞ്ഞില്ല. ആ കുട്ടി ഒരു മാസമായി ആശുപത്രിയിൽ ആയിരുന്നു.... ഇപ്പോൾ സുഖമായി. കുറച്ചു ദിവസമായി സ്ഥലത്ത് ഇല്ലാതിരുന്നതിനാൽ വിവരം നിങ്ങളെ അറിയിക്കാൻ സാധിച്ചില്ല.”

അയാൾക്ക് അമ്പരപ്പ് മൂലം ഒന്നും മിണ്ടാൻ കഴിഞ്ഞില്ല.

“അപ്പോൾ ഐവി.. ഐവിയോ?.. ഐവി എന്ന കുട്ടി ഇവിടെ വന്നിരുന്നു..” വിറയാർന്ന സ്വരത്തിൽ അയാൾ ചോദിച്ചു.

“അങ്ങിനെ ഒരു കുട്ടിയുടെ പേര് ഞാൻ ഓർക്കുന്നില്ല. ഇനി അസിസ്റ്റന്റ് ഡയറക്ടർ ഞാൻ ഇല്ലാതിരുന്നപ്പോൾ ആരെയെങ്കിലും അങ്ങോട്ട് അയച്ചോന്നറിയില്ല.. എനി വേ നാളെ വരുന്ന കുട്ടിയെ നിങ്ങൾ സ്വീകരിക്കാൻ ആകുമോ.. അവൾ മിടുക്കിയാണ്. നിങ്ങൾക്ക് പരസ്പരം ഇഷ്ടമായാൽ അവളെ നിങ്ങൾക്ക് ദത്ത് എടുക്കുന്ന കാര്യം ആലോചിക്കാം..?”

‘‘തീർച്ചയായും... ആ കുട്ടിക്ക് വേണ്ടി ഞങ്ങൾ വെയിറ്റ് ചെയ്യും നാളെ...”

അയാൾ ഫോൺ വച്ചു.

‘ഓർഫനേജിൽ നിന്ന് ആയിരുന്നോ ഐസക്ക് വിളിച്ചത്... നമുക്ക് ഐവിയെ കിട്ടുമോ..?‘

പുറകിൽ നിന്നു വിമലയുടെ നനഞ്ഞ സ്വരം.

‘ഇല്ല.. ആരോ... ആരോ അവളെ വളരെ നേരത്തെ ദത്ത് എടുത്തു വിമലേ... ‘അയാൾ മെല്ലെ പറഞ്ഞു

പിന്നെ പുറത്തേക്കു നോക്കി. രാത്രിയാകാശത്തു ചന്ദ്രബിംബം തെളിഞ്ഞു നിന്നു. അപ്പോഴാണ് അയാൾ അത് മിന്നൽ പോലെ ഓർത്തത്.

ഐവി = ഐസക്ക് + വിമല.

അയാൾ ഫോൺ എടുത്തു ഫെയ്സ് ബുക്ക് സ്റ്റാറ്റസ് ഒന്ന് കൂടി വായിച്ചു.

‘‘ഈ അവധിക്കാലത്ത് ദൈവം ഞങ്ങളുടെ വീട്ടിൽ വിരുന്നു വന്നു.”

“ഇത് കഥയല്ല. നടന്നതാണ്.” അയാൾ ആ സ്റ്റാറ്റസ് പുതുക്കി പബ്ലിഷ് ചെയ്തു.

ചന്ദ്രബിംബത്തിൽ ഇരുന്നു ഒരു കുഞ്ഞു മുഖം അയാളെ നോക്കി ചിരിച്ചു.






***Er. Dony C.S.***
*Assistant Engineer*

## ABSTRACT

